**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1660** **12.06.2019 ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് വകുപ്പിലെ ക്ലാർക്ക് ഒഴിവുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)** | |
| (എ) | പഞ്ചായത്ത് വകുപ്പിൽ ഇനിയുണ്ടാകുന്ന 256 ക്ലാർക്ക് ഒഴിവുകൾ ആശ്രിതനിയമനത്തിനായി നീക്കി വയ്ക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറേറ്റ് നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | 2010 മുതൽ 2018 വരെയുള്ള കാലയളവിൽ പഞ്ചായത്ത് വകുപ്പിൽ ഉണ്ടായ മൊത്തം ഒഴിവുകളുടെ എണ്ണത്തിന് ആനുപാതികമായി 256 ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ ആശ്രിതനിയമനത്തിനായി മാറ്റിവയ്ക്കുന്നതിന് സർക്കാരിൽ റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ, ക്ലാർക്ക് തസ്തികയുടെ നിയമനാധികാരിയായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് പഞ്ചായത്ത് ഡയറക്ടർ നൽകിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം നീക്കിവച്ചശേഷം വരുന്ന ഒഴിവുകൾ മാത്രമേ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാവൂ എന്ന് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ; | | |
| (സി) | പി.എസ്.സി. റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ നിയമനത്തെ ഇത് ബാധിക്കുമെന്നതിനാൽ ഇക്കാര്യം പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മേൽ നിർദ്ദേശത്തിലെ ചില വസ്തുതകൾ പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയിൻ മേൽ EPA1/106/2019/ തസ്വഭവ എന്ന ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**